"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനിടെ മരണം,സ്ഥിരമായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നവരുടെ കാര്യത്തിൽ എക്സ്-ഗ്രേഷ്യ സഹായം നൽകുന്നതിന് അനുവാദം നല്കി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

G.O.(Ms)No.300/2021/LSGD തീയതി,തിരുവനന്തപുരം, 10/12/2021

പരാമർശം:-

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 25.09.2015, 05.08.2016 തീയതികളിലെ 6595/എഫ്/2016/സം.തി.ക. നമ്പർ കത്ത്.
2. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ 25.03.2014 തീയതിയിലെ 218/6/2014/EPS നമ്പർ കത്ത്.
3. 03.04.2014 തീയതിയിലെ GO(Ms) No. 1/2014/Elec. നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിലെ തിരഞ്ഞെടുപ്പ് ജോലിയിൽ പങ്കെടുക്കുന്നതിനിടെ 01/12/2015 ന് മരണമടഞ്ഞ വടവുകോട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരുൺ എസ്. ആർ. ന്റെ പിതാവ് ശ്രീ. കെ. ശശിധരൻ, മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്ത് ഉപതിരഞ്ഞെടുപ്പിനിടെ 28/07/2016 ന് മരണപ്പെട്ട മലപ്പുറം വേങ്ങര ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപകനായിരുന്ന അനിൽ കുമാറിന്റെ വിധവ ശ്രീമതി ദിവ്യ അഷ്ടമൻ എന്നിവർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനിടെ മരണമോ സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്നവരുടെ കാര്യത്തിൽ എക്സ് ഗ്രേഷ്യാ സഹായം/നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന തിരഞ്ഞെടുപ്പുകളിൽ അനുവർത്തിക്കുന്ന രീതിയിലും മറ്റ് ചില സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന മാതൃകയിലും ധനസഹായം അനുവദിക്കാവുന്നതാണെന്നാണ് ശുപാർശ ചെയ്തിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ജോലിക്കിടെ തിരഞ്ഞെടുപ്പിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് മരണമോ സ്ഥിരമായ അംഗ വൈകല്യമോ സംഭവിച്ചാൽ ചുവടെ പറയും പ്രകാരമുള്ള എക്സ്-ഗ്രേഷ്യാ സഹായം നൽകുന്നതിന്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് 2015-ൽ നടന്ന തിരഞ്ഞെടുപ്പ് മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിച്ച് ഉത്തരവാകുന്നു.

1) ഇലക്ഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന സാധാരണ മരണം – 10 ലക്ഷം രൂപ.
2) തീവ്രവാദി ആക്രമണം, ബോംബ് സ്ഫോടനം എന്നിവ മൂലമുള്ള മരണം - 20 ലക്ഷം രൂപ.
3) കൈകാലുകൾ നഷ്ടപ്പെടുക, കാഴ്ചശക്തി നഷ്ടപ്പെടുക എന്നിങ്ങനെയുള്ള സ്ഥായിയായ അംഗവൈകല്യം - 5 ലക്ഷം രൂപ. (തീവ്രവാദി ആക്രമണം മൂലമോ മറ്റ് അപകടങ്ങൾ മൂലമോ ആണെങ്കിൽ ഇരട്ടിത്തുക 10 ലക്ഷം രൂപ).

എക്സ്-ഗ്രേഷ്യാ സഹായം നൽകുന്നതിന് പരിഗണിക്കുന്നതിനായി ഒരു ഓഫീസറുടെ ഇലക്ഷൻ ഡ്യൂട്ടി കാലയളവ് പരിശീലനത്തിനുൾപ്പെടെ അദ്ദേഹം വീട്ടിൽ / ഓഫീസിൽ നിന്നും പുറപ്പെട്ട് തിരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട ഡ്യൂട്ടി നിർവ്വഹിച്ച് തിരികെ വീട്ടിൽ / ഓഫീസിൽ എത്തുന്നത് വരെയായിരിക്കുന്നതും ഇതിന് വേണ്ടി വരുന്ന ചെലവ് 2015-00-109-99-34-OC എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sarada Muraleedharan I A S
Additional Chief Secretary

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും/ജില്ലാ കളക്ടർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ.& ഇ. / ഓഡിറ്റ് )
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by M.k.pradeesh Kumar
Date: 13-12-2021 14:51:44
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-12-2021

ഫയൽ നം. ഇ.എം.2/145/2016/തസ്വഭവ. ഇനം നം: 418

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനിടെ മരണം, സ്ഥിരമായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നവരുടെ കാര്യത്തിൽ എക്സ്ഗ്രേഷ്യ സഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

DS(E-M).

418

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഇഎം2/145/2016/ത.സ്വ.ഭ.വ. |
| 2. | വകുപ്പ് | തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ് |
| 3. | വിഷയം | തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനിടെ മരണം, സ്ഥിരമായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നവരുടെ കാര്യത്തിൽ എക്സ്-ഗ്രേഷ്യ സഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.11.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ.<br>ഉണ്ട്. |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ-യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി. സുനിത. ഐ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ്. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എം.വി. ഗോവിന്ദൻ മാസ്റ്റർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01.12.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.12.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | __.11.2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനിടെ മരണമോ സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്നവരുടെ കാര്യത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ച രീതിയിൽ എക്സ്-ഗ്രേഷ്യാ സഹായം അനുവദിക്കാവുന്നതാണോ എന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിലെ തിരഞ്ഞെടുപ്പ് ജോലിയിൽ പങ്കെടുക്കുന്നതിനിടെ 01/12/2015 ന് മരണമടഞ്ഞ വടവുകോട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരുൺ എസ്. ആർ. ന്റെ പിതാവ് ശ്രീ. കെ. ശശിധരൻ, മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്ത് ഉപതിരഞ്ഞെടുപ്പിനിടെ 28/07/2016 ന് മരണപ്പെട്ട മലപ്പുറം വേങ്ങര ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപകനായിരുന്ന അനിൽ കുമാറിന്റെ വിധവ ശ്രീമതി ദിവ്യ അഷ്ടമൻ എന്നിവർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനിടെ മരണമോ സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്നവരുടെ കാര്യത്തിൽ എക്സ് ഗ്രേഷ്യാ സഹായം/നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവർത്തിക്കുന്ന രീതിയിൽ, ചീഫ് ഇലക്ടറൽ ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ള 28.03.2009 തീയതിയിലെ GO(Ms) No. 1/2009/Elec., 04.11.2010 തീയതിയിലെ GO(Ms) No. 2/2010/Elec., 03.04.2014 തീയതിയിലെ GO(Ms) No. 1/2014/Elec. എന്നീ ഉത്തരവുകളിൽ പരാമർശിച്ച രീതിയിലുള്ള നഷ്ടപരിഹാരം/എക്സ്-ഗ്രേഷ്യ അനുവദിക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണമെന്നതായിരുന്നു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യം. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ നിരസിക്കുകയാണ് ഉണ്ടായത്.

3. ഈ തീരുമാനം പുനഃപരിശോധിക്കാൻ കമ്മീഷൻ നിരവധി തവണ ആവശ്യപ്പെട്ടതിന്റെയും മരണമടഞ്ഞവരുടെ ആശ്രിതർ നൽകിയ അപേക്ഷകളുടെയും അടിസ്ഥാനത്തിൽ 3 പ്രാവശ്യം ഇതേ വിഷയത്തിൽ ഈ വകുപ്പ് നടത്തിയ അഭ്യർത്ഥന ധനകാര്യ വകുപ്പ് നിരസിച്ചു.

4. തുടർന്ന് ലഭിച്ച അപേക്ഷയിലെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ച പ്രൊപ്പോസലുകളിലെയും വസ്തുതകൾ ധനവകുപ്പ് നൽകിയിരിക്കുന്ന അഭിപ്രായങ്ങളിൽ പുന:പരിശോധന നടത്തുന്നതിന് ധനകാര്യവകുപ്പിനോട് അഭ്യർത്ഥിക്കാൻ തക്ക കാരണമുള്ളതാണ് എന്ന് കാണുകയുണ്ടായി.

5. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന ലോക് സഭാ - നിയമസഭാ തിരഞ്ഞെടുപ്പുകൾക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിക്കിടയിൽ മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നുണ്ട്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന ലോക് സഭ, നിയമസഭാ തിരഞ്ഞെടുപ്പുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുകളിലും പങ്കെടുക്കുന്നത്, കേരളത്തിൽ ഏറെക്കുറെ ഒരേ ഉദ്യോഗസ്ഥർ ആണ്. തിരഞ്ഞെടുപ്പിന്റെ പ്രദേശങ്ങളും അവിടുത്തെ ആളുകളുടെ സമീപനവും ഒന്നുതന്നെയാണ്. അവിടെ നിലനില്ക്കുന്ന പ്രശ്നങ്ങളുടെ സ്വഭാവത്തിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന തിരഞ്ഞെടുപ്പ് ആയാലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന തിരഞ്ഞെടുപ്പ് ആയാലും വ്യത്യാസമില്ല. അപകടസാദ്ധ്യത എല്ലാ തിരഞ്ഞെടുപ്പുകളിലും സമാനമാണ്. കേരള സംസ്ഥാനത്തിനകത്ത് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അവസ്ഥ ഓരോ തലങ്ങളിലെ തെരഞ്ഞെടുപ്പ് അനുസരിച്ച് വ്യത്യസ്തമാണ് എന്ന് കാണാൻ കഴിയില്ല.

6. കേരളത്തിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നവർക്കുണ്ടാകുന്ന അപകടം/മരണം തുലോം കുറവായതിനാൽ ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ് എന്നതുകൊണ്ട് സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത നാമമാത്രമാണ്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവർത്തിക്കുന്ന രീതിയിൽ ചീഫ് ഇലക്ടറൽ ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ള 03.04.2014 - ലെ GO(Ms) - 1/2014/Elec. നമ്പർ ഉത്തരവ് പ്രകാരം, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടെ മരണപ്പെടുന്ന/അംഗഭംഗം ഉണ്ടാകുന്ന തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ചുവടെ പറയും പ്രകാരമുള്ള നഷ്ടപരിഹാരമാണ് നൽകിവരുന്നത്.

1) ഇലക്ഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന സാധാരണ മരണം -
   10 ലക്ഷം രൂപ.

2) തീവ്രവാദി ആക്രമണം, ബോംബ് സ്ഫോടനം എന്നിവ മൂലമുള്ള മരണം - 20 ലക്ഷം രൂപ.

3) കൈകാലുകൾ നഷ്ടപ്പെടുക, കാഴ്ചശക്തി നഷ്ടപ്പെടുക എന്നിങ്ങനെയുള്ള സ്ഥായിയായ അംഗവൈകല്യം - 5 ലക്ഷം രൂപ. (തീവ്രവാദി ആക്രമണം മൂലമോ മറ്റ് അപകടങ്ങൾ മൂലമോ ആണെങ്കിൽ ഇരട്ടിത്തുക 10 ലക്ഷം രൂപ).

ഒരു ഓഫീസറുടെ ഇലക്ഷൻ ഡ്യൂട്ടി കാലയളവ് പരിശീലനത്തിനുൾപ്പെടെ അദ്ദേഹം വീട്ടിൽ / ഓഫീസിൽ നിന്നും പുറപ്പെട്ട് ഇലക്ഷനുമായി ബന്ധപ്പെട്ട ഡ്യൂട്ടി നിർവ്വഹിച്ച് തിരികെ വീട്ടിൽ / ഓഫീസിൽ എത്തുന്നത് വരെയാണെന്നും 03.01.2014 ലെ ഉത്തരവിൽ പരാമർശിക്കുന്നു.

7. ഇത് സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന ആനുകൂല്യങ്ങൾ ഏവ എന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്ന സംസ്ഥാനങ്ങളുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | **സംസ്ഥാനം** | **സാരമായ പരിക്ക്** (രൂപ) | **സാധാരണ മരണം (പരമാവധി)** (രൂപ) | **തീവ്രവാദി ആക്രമണം മൂലമുള്ള മരണം** (രൂപ) |
|---|---|---|---|---|
| 1 | തെലങ്കാന | 1.5 ലക്ഷം - 5 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |
| 2 | മഹാരാഷ്ട്ര | പരമാവധി 5 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |
| 3 | രാജസ്ഥാൻ | 50,000 - 1 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |
| 4 | ഹരിയാന | പരമാവധി 5 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |
| 5 | ഉത്തർപ്രദേശ് | പരമാവധി 5 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |
| 6 | കർണ്ണാടകം | പരമാവധി 5 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |
| 7 | ഹിമാചൽ പ്രദേശ് | പരമാവധി 5 ലക്ഷം | 10 ലക്ഷം വരെ | പരമാവധി 20 ലക്ഷം |

കൂടാതെ ഇതിന് വേണ്ടി വരുന്ന ചെലവ് 2015-00-109-99-34-OC എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

8. മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിലെ പ്രശ്ന ബാധിത പ്രദേശങ്ങൾ ഒഴികെ മിക്ക പ്രദേശങ്ങളിലും കേരളത്തിലേതിന് സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത് എന്നതിനാൽ സ്കീം അംഗീകരിച്ചുകൊണ്ട് ഇതിന് സമാനമായ ഒരു ഉത്തരവ് നല്കുന്നത് ഉചിതമായിരിക്കും എന്ന അഭിപ്രായത്തോടെ അഭിപ്രായം പുന:പരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ട് ഫയൽ കൈമാറിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കുന്ന വിധം അഭിപ്രായപ്പെട്ടു.

"പ്രതിപാദ്യ വിഷയം സംബന്ധിച്ച് ഇത്തരമൊരു സ്കീം ഇപ്പോൾ ആവിഷ്കരിക്കേണ്ടതില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

9. എന്നാൽ പ്രതിപാദ്യ വിഷയത്തിന് പ്രസക്തിയുള്ളതിനാലും തുലോം പരിമിതമായ സാമ്പത്തിക ബാധ്യത മാത്രമാണ് സർക്കാരിന് ഇതിനാലുണ്ടാകുക എന്നതിനാലും ധനകാര്യ വകുപ്പിന്റെ മേൽ ഖണ്ഡികയിലെ അഭിപ്രായം മറികടന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ച പ്രപ്പോസൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണോയെന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവിടുകയുണ്ടായി.

## തീരുമാനമെടുക്കാനുള്ള വിഷയം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ജോലിക്കിടെ തിരഞ്ഞെടുപ്പിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് മരണമോ സ്ഥിരമായ അംഗ വൈകല്യമോ സംഭവിച്ചാൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന തിരഞ്ഞെടുപ്പുകളിൽ സമാന സാഹചര്യങ്ങളിൽ അനുവദിക്കുന്ന തരത്തിൽ ചുവടെ പറയും പ്രകാരമുള്ള എക്സ്-ഗ്രേഷ്യാ സഹായം നൽകണമെന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് 2015 ൽ നടന്ന തിരഞ്ഞെടുപ്പ് മുതൽ മുൻകാല പ്രാബല്യത്തോടെ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് അംഗീകരിക്കാവുന്നതാണോ?

1) ഇലക്ഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന സാധാരണ മരണം – 10 ലക്ഷം രൂപ.
2) തീവ്രവാദി ആക്രമണം, ബോംബ് സ്ഫോടനം എന്നിവ മൂലമുള്ള മരണം - 20 ലക്ഷം രൂപ.
3) കൈകാലുകൾ നഷ്ടപ്പെടുക, കാഴ്ചശക്തി നഷ്ടപ്പെടുക എന്നിങ്ങനെയുള്ള സ്ഥായിയായ അംഗവൈകല്യം - 5 ലക്ഷം രൂപ. (തീവ്രവാദി ആക്രമണം മൂലമോ മറ്റ് അപകടങ്ങൾ മൂലമോ ആണെങ്കിൽ ഇരട്ടിതുക 10 ലക്ഷം രൂപ).